പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 591 - 19.03.2013-ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാത്ത കുടുംബങ്ങൾ

**ചോദ്യം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാത്ത കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി.പി.എൽ കുടുംബങ്ങളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ വിദ്യാഭ്യാസ വായ്പ എടുത്ത് തൊഴിൽ ലഭിക്കാത്തവർക്ക് സംസ്ഥാന സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള വിദ്യാർത്ഥികൾക്ക് പ്ലസ്ടു കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന്, 01.04.2009-നുശേഷം വിതരണം ചെയ്ത തുകയ്ക്ക്, തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രസർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്. |
| (ബി) എ.പി.എൽ വിഭാഗത്തിൽപ്പെട്ടതും എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഇതു സംബന്ധിച്ച് ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംസ്ഥാനതല ബാങ്കിംഗ് സമിതിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ബി.പി.എൽ വിഭാഗത്തിലുള്ളവരുടെ വിദ്യാഭ്യാസ വായ്പയുടെ പലിശയിൽ ഇളവ് നൽകിയതുപോലെ ഇവർക്കും വിദ്യാഭ്യാസ വായ്പ പലിശയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | 3 ലക്ഷം രൂപ വരെ വാർഷികാദായ പരിധിയ്ക്കകത്ത് വരുന്ന എ.പി.എൽ വിഭാഗത്തിനും കൂടി വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് വ്യാപിപ്പിച്ചു നൽകുമെന്ന തീരുമാനം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ